പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3055

07/11/2019-ൽ മറുപടിയ്ക്ക്

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ഫണ്ട് വഴി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി തീരുമാനിച്ചിട്ടുള്ള 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്നതും 18.06.2019 ലെ സ.ഉ.(സാധാ)നം.2396/2019/പൊ.വി.വ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ളതുമായ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ സ്കൂളുകളിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ ;<br><br>(ബി) പ്രസ്തുത ഭരണാനുമതി ലഭിച്ചതിനു ശേഷം പ്രവൃത്തി നടപ്പിലാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സാങ്കേതിക അനുമതി, ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പ്രവൃത്തി ഏത് തീയതിയിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്, വിശദാംശം ലഭ്യമാക്കുമോ? | (എ) & (ബി) | 18.06.2019-ലെ സ.ഉ.(സാധാ) നം.2396/2019/പൊ.വി.വ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ജി.എം. യു.പി.എസ്. വാളപുരം സ്കൂളിന്റെ നിർമ്മാണത്തിനായി ഒരു കോടി KIIFB ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി SPV യായി KILA-യെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

Namitha P

**സെക്ഷൻ ഓഫീസർ**